2010 ജൂൺ 18

## പരീക്ഷ

ഒന്നാം സെമസ്റ്റർ ത്രിവൽസര & പഞ്ചവൽസര (2008 സ്കീം) എൽ.എൽ.ബി. റഗുലർ/സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ജൂൺ 29 നും ജൂലായ് 1 നും ആരംഭിക്കും.

ഒന്നാം വർഷ എം.എസ്.സി. (നഴ്സിംഗ്) സപ്ലിമെന്ററി (2008 പ്രവേശനം മുതൽ) പരീക്ഷ ജൂൺ 29 ന് ആരംഭിക്കും.

963-964/10/പി.ആർ

## പി.ജി. പരീക്ഷകൾ പുനക്രമീകരിച്ചു

ജൂൺ 29 ന് നടത്താനിരുന്ന താഴെപറയുന്ന രണ്ടാം സെമസ്റ്റർ പരീക്ഷകൾ പുനക്രമീകരിച്ചു. പരീക്ഷയുടെ പേരും പുതുക്കിയതിയ്യതി ബ്രാക്കറ്റിലും. എം.എ. മലയാളം ലാംഗ്വേജ് & ലിറ്ററേച്ചർ(2008 പ്രവേശനം & 2005-2007 പ്രവേശനം), എം.എ. അറബിക് ലാംഗ്വേജ് & ലിറ്ററേച്ചർ (ജൂലായ് 6), എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (ജൂലായ് 8), എം.എസ്.ഡബ്ലിയു. (ജൂലായ് 27), എം.എ. വുമൺസ് സ്റ്റഡീസ് (പരീക്ഷ തിയ്യതി പിന്നീടറിയിക്കും). മറ്റ് രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷകൾക്ക് മാറ്റമില്ല.

965/10/പി.ആർ

## എം.ഫിൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.ഫിൽ 2009 പ്രവേശനം (എല്ലാ വിഷയങ്ങളും) പരീക്ഷക്ക് പിഴകൂടാതെ ജൂൺ 28 വരെയും 100 രൂപ പിഴയോടുകൂടി ജൂലായ് 1 വരെയും അപേക്ഷിക്കാം. പരീക്ഷാ തിയ്യതി പിന്നീടറിയിക്കും.

966/10/പി.ആർ

## വാക് ഇൻ ഇന്റർവ്യൂ:

കാലിക്കറ്റ് സർവ്വകലാശാല ഇസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജിയിൽ ലക്ചറർ തസ്തികയിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് മണിക്കൂർ/ദിവസക്കൂലി അടിസ്ഥാനത്തിൽ ജൂൺ 24 ന് വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. തസതികയും ബ്രാക്കറ്റിൽ ഡിപ്പാർട്ട്മെന്റും. 1. ലക്ചറർ (പ്രിന്റിംഗ് ടെക്നോളജി, ഇംഗ്ലീഷ്). യോഗ്യത: 1. പ്രിന്റിംഗ് ടെക്നോളജിക്ക് നിർദ്ദിഷ്ട എഞ്ചിനീയറിംഗ് വിഭാഗത്തിൽ കുറഞ്ഞത് 60% മാർക്കോടെയുള്ള ഒന്നാം ക്ലാസ് ബി.ടെക് അല്ലെങ്കിൽ തത്തുല്യ ഗ്രേഡ് പോയന്റ്. 2. ഇംഗ്ലീഷ് വിഭാഗത്തിൽ കുറഞ്ഞത് 55 % മാർക്കോടെ അതത് വിഷയത്തിൽ ബിരുദാനന്തര ബിരുദം. താത്പര്യമുള്ളവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റകളും സഹിതം അന്നേദിവസം കോഹിനൂരിലുള്ള സർവ്വകലാശാല എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പലിന്റെ ചേംബറിൽ ഹാജരാവുക. ഇന്റർവ്യൂ സമയം - പ്രിന്റിംഗ് ടെക്നോളജി തസ്തികയ്ക്ക് രാവിലെ 10 മണിയും. ഇംഗ്ലീഷ് തസ്തികയ്ക്ക് രാവിലെ 10.30 ഉം ആണ്. വിരമിച്ചവരെയും പരിഗണിക്കും.

967/10/പി.ആർ

## മാർജിനൽ സീറ്റ് വർദ്ധനവ്

കാലിക്കറ്റ് സർവകലാശാലയ്ക്ക് കീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ സ്റ്റെബിലൈസ് ചെയ്ത കോഴ്സുകളുടെ 2010-11 പ്രവേശനത്തിന് സ്റ്റാറ്റ്യൂട്ടറി പരിധിയ്ക്ക് വിധേയമായി താഴെകൊടുത്ത ക്രമത്തിൽ മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിക്കുന്നതാണ്. (1.) **യൂ.ജി. കോഴ്സുകൾ**: (i) ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ 20 %. (ii) അൺ എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ 10 %. (2.) **പി.ജി. കോഴ്സുകൾ**: ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സീറ്റുകളുടെ 20 %. (മാർജിനൽ സീറ്റ് വർദ്ധനവ് സ്റ്റാറ്റ്യൂട്ടറി പരിധിക്കപ്പുറം അനുവദിക്കുന്നതല്ല.) സീറ്റ് വർദ്ധനവ് ആവശ്യമുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാർ യു.ജി. കോഴ്സുകൾക്ക് ജൂലായ് 9 ന് മുമ്പായും പി.ജി. കോഴ്സുകൾക്ക് ജൂലായ് 15 ന് മുമ്പായും ലഭിക്കത്തക്കവിധം സർവ്വകലാശാല രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തിയ്യതികൾക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

968/10/പി.ആർ

**ഗവേഷണ പ്രബന്ധങ്ങൾ ക്ഷണിക്കുന്നു**

കാലിക്കറ്റ് സർവ്വകലാശാല സംസ്കൃത വിഭാഗം അഞ്ചാമത് ഡോ. എൻ.വി.പി. ഉണിത്തിരി എൻഡോവ്മെന്റ് ആൾ കേരളാ ഓറിയന്റൽ കോൺഫറൻസ് ഡിസംബറിൽ നടത്തുന്ന വിവിധ സെഷനുകളിലേക്ക് പ്രബന്ധം അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ ജൂലായ് 31 നകം പ്രബന്ധത്തിന്റെ സംക്ഷിപ്തരൂപം (500 വാക്കുകളിൽ കൂടാതെ) ജനറൽ കൺവീനർ, എകെഒസി 2010, സംസ്കൃത വിഭാഗം, കാലിക്കറ്റ് സർവ്വകലാശാല എന്ന വിലാസത്തിൽ അയച്ച്കൊടുക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന പ്രബന്ധകർത്താക്കളെ അറിയിക്കുന്നതായിരിക്കും. തിരഞ്ഞെടുക്കുന്നവർ 100 രൂപ രജിസ്ട്രേഷൻ ഫീസടയ്ക്കണം (വിദ്യാർത്ഥികൾക്ക് 50 രൂപ).

40 വയസ്സിൽ താഴെയുള്ളവരുടെ ഏറ്റവും നല്ല പ്രബന്ധങ്ങൾക്ക് പ്രശസ്ത സംസ്കൃതപണ്ഡിതൻമാരുടെ പേരിൽ വിവിധ സെഷനുകളിലായി എൻഡോമെന്റ് പുരസ്കാരങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രബന്ധത്തിന്റെ പൂർണ്ണരൂപം സെപ്തംബർ 30 നകം ജനറൽ കൺവീനർക്ക് അയച്ച്കൊടുക്കണം. സമ്മാനം ഏപ്പെടുത്തിയ സെഷനുകൾ താഴെ. 1. വൈദിക പഠനം. 2. തീയേറ്റർ പഠനം. 3. ക്ലാസിക്കൽ സാഹിത്യം. 4. ഭാരതീയ ദർശം, 5. വ്യാകരണവും ഭാഷാശാസ്ത്രവും. 6. സാംസ്കാരിക പഠനം. 7. സ്ത്രീ പഠനം. 8. ശാസ്ത്ര സാങ്കേതിക സാഹിത്യം.

969/10/പി.ആർ

**********